# പീപിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 18 വെള്ളി

ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


# ഉമ്മൻ ചാണ്ടി കണ്ടതിൽവെച്ച് ജനങ്ങളുടെ വികാരം ഏറ്റവും കൂടുതൽ മനസ്സിലാക്കിയ നേതാവ്- രാഹുൽ ഗാന്ധി



കോട്ടയം: ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞ വലിയ നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഭാരത് ജോഡോ യാത്രയിൽ ഉൾപ്പെടെ പലപ്പോഴും തനിക്ക് അത് നേരിട്ട് അനുഭവപ്പെട്ടിട്ടുണ്ട്. കേരള രാഷ്ട്രീയത്തിന്റെ ആവിഷ്കാരമാണ് അദ്ദേഹം. ഇവിടെ ഇത്തരത്തിലുള്ള വ്യക്തികളുടെ പാരമ്പര്യംതന്നെയുണ്ട്. രാഷ്ട്രീയ ജീവിതത്തിൽ പല അർഥത്തിലും ഉമ്മൻ ചാണ്ടി തന്റെ ഗുരുവായിരുന്നെന്നും രാഹുൽ ഗാന്ധി പറഞ്ഞു. പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തിൽ സംഘടിപ്പിച്ച അനുസ്മരണച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു മനുഷ്യന്റെ വികാരം മനസ്സിലാക്കാൻ കഴിയുക എന്നതാണ് ഒരു വിഷയത്തെക്കുറിച്ച് അഗ്രഗണ്യമായി സംസാരിക്കുന്നതിനെക്കാളും ഒരു പ്രശ്നത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നതിനെക്കാളും പ്രധാനം. വികാരം ഉള്ളിൽനിന്ന് വരേണ്ടതാണ്. ഒരു കർഷകനെക്കാണുമ്പോൾ മഴ പെയ്യുന്നില്ല എന്നോർത്ത് അദ്ദേഹം അനുഭവിക്കുന്ന ഭയം കാണാൻ നമുക്ക് കഴിയണം. വയനാട്ടിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടയാൾ ആ അവസാന നിമിഷത്തിൽ എന്തായിരുന്നു ചിന്തിച്ചതെന്നും അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളുടെ മനസ്സിൽ ഇപ്പോൾ എന്താണെന്നും നമുക്ക് ചിന്തിക്കാനാവണം. ആ കഴിവിനെയാണ് രാഷ്ട്രീയം എന്ന് പറയുന്നത്. അല്ലാതെ നിങ്ങൾ പറയുന്നതോ ചിന്തിക്കുന്നതോ അല്ല. അത് ഏറ്റവും കൂടുതൽ ഉൾക്കൊണ്ട വ്യക്തിയായിരുന്നു ഉമ്മൻ ചാണ്ടിയെന്നും രാഹുൽ പറഞ്ഞു.

തന്റെ 21 വർഷത്തെ രാഷ്ട്രീയ ജീവിതത്തിൽ കണ്ട, മനുഷ്യന്റെ വികാരങ്ങൾ ഏറ്റവുംകൂടുതൽ മനസ്സിലാക്കിയ വ്യക്തിയായിരുന്നു ഉമ്മൻ ചാണ്ടിയെന്നും രാഹുൽ പറഞ്ഞു. ജനങ്ങൾക്കിടയിൽ സ്വയം ഇല്ലാതായ അദ്ദേഹത്തെ നേരിട്ട് കണ്ട വ്യക്തിയാണ് ഞാൻ. ഭാരത് ജോഡോ യാത്രയ്ക്കിടെ ആരോഗ്യം അനുവദിക്കാതിരുന്നിട്ടും, അരുതെന്ന് താനടക്കം പലരും പറഞ്ഞിട്ടും അദ്ദേഹം നടക്കാൻ തയ്യാറായി. തുടർന്ന് കുറച്ചുദൂരം മാത്രം നടന്ന് അദ്ദേഹത്തെ നിർബന്ധിച്ച് കാറിൽ തിരിച്ചയക്കുകയായിരുന്നു. ഇത് ജനങ്ങളുടെ വികാരം മനസ്സിലാക്കുന്നവർക്ക് മാത്രം സാധ്യമായ കാര്യമാണെന്നും രാഹുൽ പറഞ്ഞു.

കേരള രാഷ്ട്രീയത്തിന്റെ ആവിഷ്കാരമാണ് ഉമ്മൻ ചാണ്ടി. കേരളത്തിൽ ഇത്തരത്തിലുള്ള വ്യക്തികളുടെ ഒരു പാരമ്പര്യംതന്നെയുണ്ട്. തന്റെ ആഗ്രഹമെന്നത് ഉമ്മൻ ചാണ്ടിയെപ്പോലെയുള്ളവരെ വളർത്തിക്കൊണ്ടുവരിക എന്നതാണ്. രാഷ്ട്രീയജീവിതത്തിന്റെ തുടക്കം മുതൽ അദ്ദേഹവുമായി ബന്ധമുണ്ട്. അദ്ദേഹത്തിൽനിന്ന് ഒട്ടേറെ കാര്യങ്ങൾ പഠിച്ചു. അദ്ദേഹം ക്രൂരമായ രാഷ്ട്രീയ ആക്രമണങ്ങൾക്കിരയായി. നിർത്താതെയുള്ള നുണകൾ അദ്ദേഹത്തെപ്പറ്റി പറഞ്ഞുകൊണ്ടേയിരുന്നു. ആ സമയത്തുപോലും അദ്ദേഹം മറ്റൊരാളെക്കുറിച്ച് ദേഷ്യത്തോടെ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. എപ്പോഴും വിനയാന്വിതനായി കേരളത്തിലെ ജനതയ്ക്കുവേണ്ടി സംസാരിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹമെന്നും രാഹുൽ പറഞ്ഞു.

ആർഎസ്എസിനോടും സിപിഐഎമ്മിനോടും പ്രത്യയശാസ്ത്രപരമായാണ് തന്റെ എതിർപ്പെന്നും രാഹുൽ പറഞ്ഞു. പ്രസംഗത്തിലാണ് അവരെ ആശയപരമായി എതിർക്കുന്നത്. അവർക്ക് ജനങ്ങളെക്കുറിച്ചുള്ള ചിന്തയില്ല എന്നതാണ് തനിക്കുള്ള ഏറ്റവും വലിയ പരാതി. ജനങ്ങളെ പുണരാൻ പറ്റാത്തവർക്ക് നേതാവാകാനും പറ്റില്ല. തന്റെ ഏറ്റവും വലിയ പരാതിയും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുരന്തവും അതാണ്. ഗുരു എന്നും ടീച്ചർ എന്നും രണ്ട് വാക്കുകളുണ്ട്. ടീച്ചർ ഒരു കാര്യം വിശദീകരിച്ചുതരുന്ന വ്യക്തിയാണ്. പക്ഷേ, വഴികാട്ടിത്തരുന്നയാളാണ് ഗുരു. അത് സ്വയം പ്രവൃത്തികളിലൂടെയാണ് കാണിച്ചുതരിക. അങ്ങനെ നോക്കിയാൽ പല അർഥത്തിലും ഉമ്മൻ ചാണ്ടി തന്റെയും കേരളത്തിലെ ജനങ്ങളുടെയും ഗുരുവായിരുന്നു. ഏതെങ്കിലും ഉദ്ധരണികൾ പറഞ്ഞല്ല, പ്രവൃത്തികളിലൂടെയാണ് അദ്ദേഹം നമുക്ക് വഴികാട്ടിയതെന്നും രാഹുൽ കൂട്ടിച്ചേർത്തു.

ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തിൽ അദ്ദേഹത്തിന്റെ കല്ലറയിൽ രാഹുൽ ഗാന്ധി രാവിലെ പുഷ്പാർച്ചന നടത്തി. തുടർന്ന് രാഹുൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലെത്തി. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഗ്രൗണ്ടിലെ പന്തലിലായിരുന്നു പൊതുസമ്മേളനം. കെപിസിസിയുടെ ജീവകാരുണ്യ പദ്ധതി 'സ്മൃതിതരംഗം' ഇന്നത്തെ സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്യും. മത,സാമുദായിക, സംഘടന നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

പ്രഭാതനമസ്കാരത്തിനും കുർബാനയ്ക്കും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കാർമികത്വം വഹിച്ചു. ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് സഹ കാർമികരായി. രാവിലെ 8.15നു കല്ലറയിൽ പ്രാർഥന നടന്നു. എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ്, പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ അടക്കമുള്ള നേതാക്കൾ പൊതുയോഗത്തിൽ പങ്കെടുത്തു.

## നിമിഷ പ്രിയയുടെ മോചനം: നയതന്ത്ര- മധ്യസ്ഥ സംഘത്തെ നിയോഗിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിനോട് ഉന്നയിക്കാൻ സുപ്രിംകോടതി അനുമതി



ന്യൂഡൽഹി: നിമിഷപ്രീയയുടെ വധശിക്ഷ ഒഴിവാക്കാനുള്ള മധ്യസ്ഥതയ്ക്കായി ആക്ഷൻ കൗൺസിൽ സുപ്രീം കോടതിയുടെ സഹായം തേടി.ആറംഗസംഘത്തെ യെമനിൽ അയക്കാൻ അനുമതി വേണമെന്നാണ് ഹരജിക്കാരായ ആക്ഷൻ കൗൺസിൽ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടത്.ആക്ഷൻ കൗൺസിലിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിക്കണമെന്ന് സുപ്രിംകോടതി ആവശ്യപ്പെട്ടു.

യാത്രാവിലക്ക് ഒഴിവാക്കി നയതന്ത്ര സംഘത്തെ അയക്കാൻ അനുമതി നൽകണമെന്നതായിരുന്നു സുപ്രീംകോടതിയിൽ ആക്ഷൻ കൗൺസിലിന്റെ ആവശ്യം . നിമിഷ പ്രിയയുടെ വധശിക്ഷ തീയതി പ്രഖ്യാപിച്ചോ എന്നായിരുന്നു ജസ്റ്റിസ് വിക്രം നാഥ് അധ്യക്ഷനായ ബെഞ്ചിന്റെ ചോദ്യം. തീയതി തീരുമാനിച്ചിട്ടില്ലെന്നും ദയാധന ചർച്ചകളാണ് ഇനി നടക്കേണ്ടത് എന്ന്നായിരുന്നു മറുപടി.

അന്താരാഷ്ട്ര തലത്തിൽ ഇടപെടുന്ന മതപണ്ഡിതൻ ഹുസ്സൈൻ സഖാഫി ,യെമൻ ബന്ധമുള്ള ഹാമിദ് എന്നിവരെ ഉൾപ്പെടെ സംഘത്തിൽ ഉൾപ്പെടുത്തണം എന്നും ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടു. കുടുംബാംഗങ്ങൾക്ക് മാത്രമേ നേരിട്ട് പോകാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്രത്തിനു വേണ്ടി ഹാജരായ അറ്റോർണി ജനറൽ വെങ്കട്ട രമണി ചൂണ്ടിക്കാട്ടിയത്. സംഘടനാ തലത്തിലുള്ള ഇടപെടലുകൾ വിപരീത ഫലം ഉണ്ടായേക്കുമെന്ന ആശങ്കയും കേന്ദ്രം ഉയർത്തി.

കേന്ദ്രസർക്കാരിന്റെ ഇതുവരെയുള്ള എല്ലാ ശ്രമമങ്ങൾക്കും നന്ദി അറിയിച്ച ആക്ഷൻ കൗൺസിൽ ആവശ്യത്തിൽ നിന്നും പിന്മാറിയില്ല .ഇതോടെയാണ് സംഘത്തിന്റെ അനുമതിക്കായി കേന്ദ്രത്തിനു അപേക്ഷ നൽകാൻ ആക്ഷൻ കൗൺസിലിനോടും പരിഗണിക്കാൻ കേന്ദ്രത്തോടും കോടതി ആവശ്യപ്പെട്ടത്. ആക്ഷൻ കൗൺസിലിന്റെ അടുത്ത മാസം 14 നു വീണ്ടും പരിഗണിക്കും

## മിഥുന്റെ സംസ്കാരം നാളെ നടക്കും

കൊല്ലം: കൊല്ലം തേവലക്കരയിലെ സ്കൂളിൽ ഷോക്കേറ്റ് മരിച്ച മിഥുന്റെ സംസ്കാരം നാളെ നടക്കും. മൃതദേഹം രാവിലെ 10 മണിക്ക് സ്കൂളിൽ പൊതുദർശനത്തിന് വെക്കും. ശേഷം നാല് മണിയോടെയായിരിക്കും സംസ്കാരം നടക്കുക. മിഥുന്റെ അമ്മ നടപടിക്രമങ്ങൾ പൂർത്തിയാക്കി നാളെ നാട്ടിലെത്തുമെന്നാണ് ലഭിക്കുന്ന വിവരങ്ങൾ.നിലവിൽ തുർക്കിയിലുള്ള സുജ തുർക്കി സമയം ഇന്ന് വൈകുന്നേരം ആറുമണിക്ക് കുവൈത്ത് എയർ വേസിൽ കുവൈത്തിലേക്ക് തിരിക്കുമെന്നും രാത്രി 9:30ന് കുവൈത്തിൽ എത്തിയതിനു ശേഷം 19ന് പുലർച്ചെ 01.15നുള്ള ഇൻഡിഗോ വിമാനത്തിൽ പുറപ്പെട്ട് രാവിലെ 08.55ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരും.

## ശാരീരിക ബന്ധം നിഷേധിക്കുന്നത് ക്രൂരത, വിവാഹമോചനത്തിന് കാരണമാവാം: ബോംബെ ഹൈക്കോടതി

മുംബൈ: ഭർത്താവുമായി ശാരീരിക ബന്ധം നിഷേധിക്കുന്നതും അയാൾക്ക് വിവാഹേതര ബന്ധമുണ്ടെന്ന് സംശയിക്കുന്നതും ക്രൂരതയ്ക്ക് തുല്യമാണെന്നും വിവാഹമോചനത്തിന് കാരണമാണെന്നും ബോംബെ ഹൈക്കോടതി. കുടുംബക്കോടതിയുടെ വിവാഹമോചന ഉത്തരവിനെ ചോദ്യം ചെയ്ത ഭാര്യയുടെ ഹർജി ബോംബെ ഹൈക്കോടതി തള്ളി. ജസ്റ്റിസുമാരായ രേവതി മോഹിതെ ഡെറെ, നീല ഗോഖലെ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

ഭർത്താവ് സമർപ്പിച്ച വിവാഹമോചന ഹർജി അനുവദിച്ച കുടുംബക്കോടതി ഉത്തരവിനെ ചോദ്യം ചെയ്ത ഭാര്യയുടെ ഹർജി കോടതി തള്ളുകയായിരുന്നു. ഒരു ലക്ഷം രൂപ മാസം ജീവനാംശം ലഭിക്കണമെന്ന് ഭാര്യ ആവശ്യപ്പെട്ടിരുന്നു. 2013ലാണ് ഇരുവരും വിവാഹിതരാകുന്നത്. 2014 ഡിസംബറിൽ ഇരുവരും വേർപിരിഞ്ഞ് താമസിക്കാൻ തുടങ്ങി. 2015ൽ ഭാര്യയുടെ ക്രൂരത ആരോപിച്ച് ഭർത്താവ് പൂന കുടുംബ കോടതിയെ സമീപിച്ചു. കോടതി വിവാഹ മോചനം അനുവദിക്കുകയും ചെയ്തു.ഭർത്താവിന്റെ വീട്ടുകാർ തന്നെ ഉപദ്രവിച്ചിരുന്നുവെന്നും എന്നാൽ ഭർത്താവിനോട് തനിക്ക് ഇപ്പോഴും സ്നേഹമുണ്ടെന്നും അതിനാൽ വിവാഹ ബന്ധം വേർപിരിയാൻ ആഗ്രഹിക്കുന്നില്ലെന്നും യുവതി ഹർജിയിൽ പറഞ്ഞു. എന്നാൽ ശാരീരിക ബന്ധം നിഷേധിക്കൽ, വിവാഹേതര ബന്ധങ്ങൾ ഉണ്ടെന്ന് സംശയിക്കൽ കുടുംബത്തിന്റേയും സുഹൃത്തുക്കളുടേയും ജീവനക്കാരുടേയും മുന്നിൽ തന്നെ അപമാനിച്ചുകൊണ്ട് മാനസികമായി പീഡിപ്പിക്കൽ എന്നിവയുൾപ്പെടെ നിരവധി കാരണങ്ങളാണ് ഭർത്താവ് വിവാഹമോചന ഹർജിയിൽ ആരോപിച്ചത്. ഭർത്താവിന്റെ സുഹൃത്തുക്കളുടെ മുന്നിൽ വെച്ച് അപമാനിക്കുന്നതും അംഗവൈകല്യമുള്ള സഹോദരിയോടുള്ള ഭാര്യയുടെ പെരുമാറ്റം വേദനയുണ്ടാക്കുന്നതാണെന്നും കോടതി നിരീക്ഷിച്ചു.

## 'തൃശൂർ മെഡിക്കൽ കോളജിലെ ഹൃദയശസ്ത്രക്രിയ പ്രതിസന്ധിയിൽ'; പരാതി പറഞ്ഞ ഡോക്ടറെ സ്ഥലം മാറ്റി

തൃശൂർ: ഗവൺമെന്റ് മെഡിക്കൽ കോളജിൽ ഹൃദയ ശസ്ത്രക്രിയ പ്രതിസന്ധിയിൽ പരാതി ഉന്നയിച്ച ഡോക്ടറെ സ്ഥലംമാറ്റി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്. പെർഫ്യൂഷനിസ്റ്റിന്റെ കാര്യക്ഷമതയിൽ ആശങ്ക പ്രകടിപ്പിച്ച ഡോക്ടർ അഷ്റഫ് ഉസ്മാനെയാണ് ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് സ്ഥലം മാറ്റിയത്. ഉത്തരവിനെതിരെ ട്രൈബ്യൂണലിനെ സമീപിക്കുമെന്ന് ഡോക്ടർ അഷ്റഫ് ഉസ്മാൻ പ്രതികരിച്ചു.

ഒന്നരമാസമായി തുടരുന്ന പ്രതിസന്ധിക്ക് പരിഹാരമായാണ് പരാതി ഉന്നയിച്ച കാർഡിയോ വാസ്കുലർ ആൻഡ് സർജറി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഷ്റഫ് ഉസ്മാനെ സ്ഥലം മാറ്റി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് ഇറക്കിയത്.

അടുത്തിടെ ശസ്ത്രക്രിയ നടത്തിയ രണ്ടു രോഗികൾ മരിച്ചത് പെർഫ്യൂഷനിസ്റ്റ് ജോലി ചെയ്തവരുടെ പരിചയക്കുറവാണെന്ന തരത്തിൽ ഡോക്ടർ അഷ്റഫ് ഉസ്മാൻ അന്വേഷണ കമ്മീഷന് മറുപടി നടത്തിയിരുന്നു. പിന്നാലെയാണ് സർജനെ ആലപ്പുഴയിലേക്ക് സ്ഥലംമാറ്റി ഉത്തരവിറങ്ങിയത്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ കാർഡിയോ - തൊറാസിക് സർജൻ ഡോ. കൊച്ചു കൃഷ്ണനെയാണ് തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിരിക്കുന്നത്. പ്രവർത്തി പരിചയം ഉള്ള പെർഫ്യൂഷനിസ്റ്റിനെ നിയമിക്കണമെന്ന് ആവശ്യം പരിഗണിക്കാതെ തന്നെ സ്ഥലം മാറ്റിയ നടപടി അനീതിയാണെന്നും പിന്നിൽ ചില സമ്മർദ്ദങ്ങൾ ഉണ്ടെന്നും ഡോ. അഷ്റഫ് ഉസ്മാൻ പ്രതികരിച്ചു

എന്നാൽ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു നടപടി എന്നും മുടങ്ങിയ ശാസ്ത്രക്രിയ പുനരാരംഭിക്കാനാണ് സ്ഥലംമാറ്റ ഉത്തരവിറക്കിയത് നിന്നുമാണ് ആശുപത്രി അധികൃതരുടെ വിശദീകരണം.



പത്തനംതിട്ട കടമ്മനിട്ട സ്കൂൾ വളപ്പിലെ പഴയ കെട്ടിടഭാഗങ്ങൾ തകർന്നുവീണു. കടമ്മനിട്ട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പഴയ ഭാഗങ്ങളാണ് തകർന്നത്

## കൊണ്ടോട്ടിയിൽ പൊട്ടിവീണ ലൈനിൽ തട്ടി ഒരാൾ മരിച്ചത് സേഫ്റ്റി അവാർഡ് കിട്ടിയ സെക്ഷനിൽ

മലപ്പുറം: കൊണ്ടോട്ടി നീറാട് പൊട്ടി വീണ വൈദ്യുതി കമ്പനിയിൽ നിന്ന് മധ്യവയസ്കൻ ഷോക്കേറ്റ് മരിച്ചത് സീറോ ആക്സിഡന്റ് അവാർഡ് നേടിയ സെഷനിൽ.കഴിഞ്ഞവർഷത്തെ സീറോ ആക്സിഡന്റ് പുരസ്കാരത്തിനാണ് കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷൻ അർഹമായത്. ഒരു വർഷത്തിനുള്ളിൽ ഡിവിഷൻ പരിധിയിലെ ജീവനക്കാർക്കോ പൊതുജനങ്ങൾക്കോ വളർത്തു പക്ഷി മൃഗാദികൾക്കോ വൈദ്യുതി അപകടമൊന്നും സംഭവിക്കാത്ത നേട്ടമാണ് കൊണ്ടോട്ടി ഡിവിഷനെ പുരസ്കാരത്തിനർഹമാക്കിയത്. തിരുവനന്തപുരം വൈദ്യുതി ഭവനിൽ വെച്ച് പുരസ്കാര വിതരണചടങ്ങ് നടന്നത്.കൊണ്ടോട്ടി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ നന്ദകുമാറാണ് പുരസ്കാരം വൈദ്യുതി മന്ത്രി കെ.കൃഷ്ണൻകുട്ടിയിൽ നിന്ന് ഏറ്റുവാങ്ങിയത്. കേരളത്തിൽ വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചു വരികയാണെന്നും വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഉൾപ്പടെയുള്ള ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിണമെന്നും ചടങ്ങിൽ സംസാരിച്ച മന്ത്രി പറയുകയും ചെയ്തിരുന്നു. ചടങ്ങിൻറെ ഫോട്ടോയും വിഡിയോയും കേരള ഇലക്ട്രിസിറ്റി ബോർഡ് സോഷ്യൽമീഡിയയിൽ പങ്കുവെച്ചിരുന്നു.



ഷോക്കേറ്റ് മരിച്ച മുഹമ്മദ് ഷാ,സീറോ ആക്സിഡൻറ് പുരസ്ക്കാരം കൊണ്ടോട്ടി K-S-E-B അസ്സി എക്സ്ക്യൂട്ടീവ് എഞ്ചിനീയർ മന്ത്രിയിൽനിന്ന് ഏറ്റു വാങ്ങുന്നു

ജൂലൈ രണ്ടിനാണ് 2024ലെ സീറോ ആക്സിഡണ്ട് പുരസ്കാരത്തിന് കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷൻ തെരഞ്ഞെടുക്കുന്നത്. അതേ ഡിവിഷനിൽ കീഴിലാണ് ഇന്നലെ അധികൃതരുടെ അനാസ്ഥമൂലം നീറാട് സ്വദേശി മുഹമ്മദ് ഷാ ഷോക്കേറ്റ് മരിക്കുന്നത്.ഇന്നലെയാണ് നീറാട് സ്വദേശി മുഹമ്മദ് ഷാ ഷോക്കേറ്റ് മരിക്കുന്നത്. വൈദ്യുതി കമ്പി പൊട്ടി വീണ വിവരം അധികൃതരെ അറിയിച്ചിട്ടും വൈദ്യുതി ഓഫാക്കാൻ പോലും തയ്യാറായില്ലന്ന് ബന്ധുക്കൾ ആരോപിച്ചു. സംഭവത്തിൽ പ്രതിഷേധം വ്യാപകമാവുകയാണ്. യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ മുണ്ടക്കുളം കെഎസ്ഇബി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ഓഫീസിനുള്ളിൽ കയറി പ്രതിഷേധിച്ചതോടെ പ്രവർത്തകരെ പൊലീസ് ബലം പ്രയോഗിച്ച് നീക്കുകയായിരുന്നു. സമരം കഴിഞ്ഞതിനുശേഷം പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത് നേരിയ സംഘർഷത്തിനിടയാക്കി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി ഉറപ്പ് നൽകിയതായി കൊണ്ടോട്ടി എംഎൽഎ ടി.വി ഇബ്രാഹിം പറഞ്ഞു.

അതേസമയം, സംഭവത്തെ ന്യായീകരിച്ച് വൈദ്യുതി വകുപ്പ് മന്ത്രി രംഗത്ത് വന്നു . ജനങ്ങൾ വിളിച്ചാൽ ഉദ്യോഗസ്ഥർ വരുമെന്നും മറ്റു ജോലികൾ ചെയ്യുന്നതിനാലാകാം ഉദ്യോഗസ്ഥർ വരാതിരുന്നത് എന്നുമാണ് മന്ത്രി പറഞ്ഞത്.

# ഉല്ലാസ് പദ്ധതി: എൻഎസ്എസ് യൂണിറ്റുകൾക്കുള്ള പരിശീലനത്തിന് തുടക്കം

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സംയുക്ത പദ്ധതിയായ 'ഉല്ലാസ്' ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കാലിക്കറ്റ് സർവകലാശാല ജില്ലാ എൻഎസ്എസും ജില്ലാ സാക്ഷരതാ മിഷനും ചേർന്ന് നടത്തുന്ന സർവേ പ്രവർത്തനങ്ങളുടെ ഭാഗമായി എൻഎസ്എസ് യൂണിറ്റുകൾക്ക് ജില്ലാതല പരിശീലനം സംഘടിപ്പിച്ചു. തിരുവമ്പാടി അൽഫോൻസാ കോളേജിൽ നടന്ന പരിശീലനം ലിന്റോ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് സർവകലാശാല സെനറ്റ് മെമ്പറും കോളേജ് മാനേജറുമായ ഫാ. സജി മംഗരയിൽ അധ്യക്ഷത വഹിച്ചു.

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൻ, എൻഎസ്എസ് ജില്ലാ കോഓഡിനേറ്റർ ഫസീൽ അഹമ്മദ്, വൈസ് പ്രിൻസിപ്പൽ എം സി സെബാസ്റ്റ്യൻ, ഫാ. ഷിജു മാത്യു, ടി വി അജിത തുടങ്ങിയവർ സംസാരിച്ചു.

സാക്ഷരതാ മിഷൻ കോഴിക്കോട് ജില്ലാ കോഓഡിനേറ്റർ പി വി ശാസ്തപ്രസാദ്, വയനാട് ജില്ലാ കോഓഡിനേറ്റർ പി പ്രശാന്ത് കുമാർ എന്നിവർ വിഷയാവതരണം നടത്തി. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാക്ഷരതാ പ്രേരക്മാരും റിസോഴ്സ് പേഴ്സൺമാരും പരിശീലനത്തിന് നേതൃത്വം നൽകി. അൽഫോൻസാ കോളേജ് തിരുവമ്പാടി, അൽ ഇർഷാദ് കോളേജ് ഫോർ വിമൻ തെച്ചിയാട്, വികെഎച്ച്എംഒ കോളേജ് മുക്കം, ഡോൺ ബോസ്കോ കോളേജ് എന്നിവിടങ്ങളിലെ എൻഎസ്എസ് വളണ്ടിയർമാരാണ് മേഖലാതല പരിശീലനത്തിൽ പങ്കെടുത്തത്. ജില്ലയിൽ ഒമ്പത് മേഖലകളിലായി 27 കോളേജുകളിലെ വളണ്ടിയർമാർക്ക് പരിശീലനം നൽകി സർവേ പ്രവർത്തനങ്ങൾ ആരംഭിക്കും.



പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന പള്ളിക്കണ്ടി അഴീക്കൽ റോഡ്

# പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന പള്ളിക്കണ്ടി അഴീക്കൽ റോഡ്

കോഴിക്കോട്: പള്ളിക്കണ്ടി അഴീക്കൽ റോഡിന്റെ ദൂരം അരക്കിലോമീറ്റർ. കുഴികൾ 33. കുഴികളുടെ അതിർ തിരിക്കും മട്ടിൽ കുറച്ചു സ്ഥലം മാത്രമാണു റോഡ് ഉള്ളത്. ഒട്ടേറെ പേർ ദിവസവും ഉപയോഗിക്കുന്ന റോഡാണിത്. അഴുക്കുചാലും തകർന്നതോടെ കാൽനടയാത്ര പോലും ദുസ്സഹമായി. ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധിച്ച നാട്ടുകാരെ കോർപറേഷൻ ദ്രോഹിക്കുന്നതിന്റെ ഭാഗമാണു റോഡ് അറ്റകുറ്റപ്പണി നടത്താതെ ഇട്ടിരിക്കുന്നതെന്നു നൈനാം വളപ്പ് മുസ്‌ലിം ലീഗ് കമ്മിറ്റി ആരോപിച്ചു.പ്രദേശത്തെ തെരുവുനായ ശല്യത്തിനും കോർപറേഷൻ പരിഹാരം കാണുന്നില്ല. നാട്ടുകാർ പല തവണ പരാതി നൽകിയിട്ടും ഫലമുണ്ടായില്ല. ഓഗസ്റ്റ് 3ന് അഴീക്കൽ റോഡിൽ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് ഫൈസൽ പള്ളിക്കണ്ടി അധ്യക്ഷത വഹിച്ചു. എൻ.വി.അബൂബക്കർ, എസ്.വി.അഷറഫ്, എൻ.വി.ബാവ, എൻ.വി.അമീൻ, എൻ.വി.സലിം, എൻ.വി.ഹംസക്കോയ, ജനറൽ സെക്രട്ടറി എൻ.വി.ഷംസു, ട്രഷറർ കെ.ടി.സിദ്ദിഖ് തുടങ്ങിയവർ പ്രസംഗിച്ചു.



മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ ഉമ്മൻ ചാണ്ടി അനുസ്മരണം ഐ എൻ ടി യു സി നേതാവ് എം കെ ബീരാൻ ഉത്ഘാടനം ചെയ്യുന്നു

# കിണാശ്ശേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഉമ്മൻ ചാണ്ടി അനുസ്മരണം

കോഴിക്കോട് : മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമ വാർഷിക ദിനത്തിൽ കിണാശ്ശേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ ഉമ്മൻ ചാണ്ടി അനുസ്മരണം ഐ എൻ ടി യു സി നേതാവ് എം കെ ബീരാൻ ഉത്ഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് ജിജീഷ് നടുത്തൊടി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡണ്ട് സച്ചിത് പൊക്കുന്ന്, ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറി ജബ്ബാർ കൊമ്മേരി, മണ്ഡലം കോൺഗ്രസ് വൈസ് പ്രസിഡണ്ട് എ രാമചന്ദ്രൻ, മണ്ഡലം കോൺഗ്രസ് ജനറൽ സെക്രട്ടറിമാരായ മനോജ് കുമാർ, സി അബ്ദുൽ കരീം, മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് ഷൌക്കത്ത് അലി, മണ്ഡലം മഹിളാ കോൺഗ്രസ് പ്രസിഡണ്ട് സിൻസി സുദീപ്, കോഴിക്കോട് സൗത്ത് നിയോജക മണ്ഡലം കെ എസ് യു പ്രസിഡണ്ട് ആകാശ് കീഴാനി, ഹരീഷ് കച്ചേരിക്കുന്ന്, ഇർഷാദ് ചാലിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# ബാലുശ്ശേരി ഭക്ഷ്യസംസ്കരണ – പോഷകാഹാര കേന്ദ്രത്തിന്റെ ചുമതല ഇനി ബ്ലോക്ക് പഞ്ചായത്തിന്

ബാലുശ്ശേരി ഭക്ഷ്യസംസ്കരണ-പോഷകാഹാര കേന്ദ്രത്തിന്റെ നവീകരണത്തിന് വഴിയൊരുങ്ങുന്നു. ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതോടെയാണ് കൂടുതൽ വികസന പ്രവർത്തങ്ങൾക്ക് സാധ്യത തെളിഞ്ഞത്.

ദക്ഷിണേന്ത്യയിലെ ആദ്യ ഭക്ഷ്യ സംസ്കരണ-പോഷകാഹാര കേന്ദ്രമാണ് ബാലുശ്ശേരിയിലേത്. 1982ൽ യുനിസെഫിന്റെ സഹായത്തോടെയാണ് കേന്ദ്രസർക്കാർ ഇതാരംഭിച്ചത്. 1988ൽ സംസ്ഥാന ഗ്രാമവികസന വകുപ്പിന് വിട്ടുനൽകി. വിളവെടുപ്പിന് ശേഷം ഭക്ഷ്യധാന്യങ്ങൾ സംസ്കരിച്ചെടുക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളാക്കി വിപണനം നടത്തി വരുമാനം കണ്ടെത്തുന്നതിനും ഗ്രാമീണ ജനതയെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്ഥാപനം ആരംഭിച്ചത്. ബേക്കറി പലഹാരങ്ങൾ, പഴങ്ങൾ ഉപയോഗിച്ച് ജാം, സ്ക്വാഷ് എന്നിവ നിർമിക്കുന്നതിലാണ് ഇവിടെ പരിശീലനം നൽകുന്നത്.

ഇവിടെനിന്ന് പരിശീലനം നേടിയവർ കേന്ദ്രത്തിലെ സംസ്കരണ സംവിധാനം ഉപയോഗിച്ച് ഉൽപന്നങ്ങൾ തയാറാക്കി വിപണനം നടത്തുന്നുണ്ട്.

സ്ത്രീകൾക്കും യുവാക്കൾക്കും കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ കഴിയുംവിധം കേന്ദ്രത്തെ വികസിപ്പിക്കാനാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. കെഎം സച്ചിൻദേവ് എംഎൽഎ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി കെ അനിത എന്നിവരുടെ ശ്രമഫലമായാണ് ഭക്ഷ്യസംസ്കരണ-പോഷകാഹാര കേന്ദ്രത്തിന്റെ ചുമതല ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചത്.

# അങ്കണവാടി കം ക്രഷ് ഉദ്ഘാടനം

നാദാപുരം ഗ്രാമപഞ്ചായത്തിനെ സമ്പൂർണ ശിശുസൗഹൃദ-സ്ത്രീ സൗഹൃദ പഞ്ചായത്താക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച അങ്കണവാടി കം ക്രഷ് ഡോ. രാജു നാരായണസ്വാമി ഉദ്ഘാടനം ചെയ്തു. നാദാപുരം 21ാം വാർഡിലെ വയലിലെ സ്കൂൾ അങ്കണവാടിയോട് ചേർന്നാണ് ഗ്രാമപഞ്ചായത്തിലെ ആദ്യ അങ്കണവാടി കം ക്രഷ് സ്ഥാപിച്ചത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി വി മുഹമ്മദലി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട്, സ്ഥിരം സമിതി അധ്യക്ഷരായ സി കെ നാസർ, ജനീദ ഫിർദൗസ്, എം സി സുബൈർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അബ്ബാസ് കണയ്ക്കൽ, വി അബ്ദുൽ ജലീൽ, എ കെ സുബൈർ, നിസാർ എടത്തിൽ എന്നിവർ സംസാരിച്ചു.

# എഡിഎസ് ഭരണസമിതി അംഗങ്ങളുടെ പരിശീലനം സമാപിച്ചു

കൊയിലാണ്ടി നഗരസഭ കുടുംബശ്രീ സൗത്ത് സിഡിഎസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എഡിഎസ് ഭരണസമിതി അംഗങ്ങളുടെ പരിശീലനം സമാപിച്ചു. സമാപന ചടങ്ങ് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ കെ ഷിജു ഉദ്ഘാടനം ചെയ്തു. സൗത്ത് സിഡിഎസ് ചെയർപേഴ്സൺ കെ കെ വിബിന അധ്യക്ഷത വഹിച്ചു. സംസ്ഥാന മിഷൻ ട്രെയിനർമാരായ ബിജു മാക്സ്, സുഹാസിനി വിജയൻ, ഷീലാ വേണുഗോപാൽ, എം സി ജിസീമാചന്ദ്രൻ, സിഡിഎസ് വൈസ് ചെയർപേഴ്സൺ സുദിന, സിഡിഎസ് മെമ്പർമാർ എന്നിവർ പങ്കെടുത്തു. നഗരസഭയുടെ വരകുന്ന് തൊഴിൽ പരിശീല കേന്ദ്രത്തിലായിരുന്നു ആറ് ദിവസത്തെ പരിശീലനം.

# മെഡിക്കൽ കോളജിൽ ഭിന്നശേഷിക്കാരിയായ കുട്ടിയ്ക്ക് ചികിത്സ നിഷേധിച്ചതായി പരാതി

കോഴിക്കോട് : കോഴിക്കോട് മെഡിക്കൽ കോളജിൽ ഭിന്നശേഷിക്കാരിയായ കുട്ടിയ്ക്ക് ചികിത്സ നിഷേധിച്ചതായി പരാതി. സ്വകാര്യ ആശുപത്രിയെ കുടുംബമാശ്രയിച്ചെങ്കിലും കുട്ടിയുടെ ജീവൻ രക്ഷിക്കാനായില്ല. മലപ്പുറം കൊണ്ടോട്ടി കോട്ടപ്പുറം സ്വദേശി സുരേഷിന്റെ മകൾ അശ്വതയാണ് മരിച്ചത്.

കുടുംബം ആരോഗ്യ മന്ത്രിയ്ക്ക് പരാതി നൽകി. ന്യൂമോണിയ ബാധിച്ചതിനെ തുടർന്നാണ് കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിൽ നിന്ന് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് രക്ഷിതാക്കൾ അശ്വതയെകൊണ്ടുപോയത്. പക്ഷേ ഭിന്നശേഷിക്കാരിയായ ഒരു കുട്ടിക്ക് ലഭിക്കേണ്ട ഒരു പരിഗണനയും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ലഭിച്ചില്ല എന്നുള്ളതാണ് ഇവരുടെ പരാതി.

ആരോഗ്യനില വളരെ മോശമായിട്ടും ഗൗരവത്തോടെ ഡോക്ടർമാർ പരിഗണിച്ചില്ല. വെന്റിലേറ്റർ സൗകര്യമില്ലെന്ന് അറിയിച്ചു. മെഡിക്കൽ കോളേജിൽ നിന്ന് കോഴിക്കോട് തന്നെയുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഒരു ദിവസത്തെ തന്നെ ചിലവ് താങ്ങാവുന്നതിലും അധികമായി. നാട്ടുകാരാണ് ഈ നിർധന കുടുംബത്തെ സഹായിച്ചത്.

പിന്നീട് മുക്കത്തെ ആശുപത്രിയിലേക്ക് മാറ്റുന്നതിനിടെയാണ് രോഗം മൂർച്ഛിച്ച് അശ്വതയുടെ മരണം. മെഡിക്കൽ കോളേജിനെതിരെ ആരോഗ്യമന്ത്രിക്ക് കുടുംബം പരാതി നൽകി.

നിലവിലുള്ള 26 വെന്റിലേറ്ററുകളിൽ ഒഴിവില്ലാത്തതിനാലാണ് നൽകാതിരുന്നത് എന്നാണ് കോഴിക്കോട് മെഡിക്കൽ കോളജിൻറെ വിശദീകരണം.

## അന്വേഷണം വേണം: ടി.വി. ഇബ്രാഹീം എം.എൽ.എ.

പുളിക്കൽ: അശ്വതി മരിക്കാനിടയായ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് ടി.വി. ഇബ്രാഹീം എം.എൽ.എ. ആവശ്യപ്പെട്ടു. പട്ടികവർഗ്ഗ സമുദായത്തിൽ പെട്ട പാവപ്പെട്ട കുടുംബത്തിലെ കുട്ടിക്ക് ഗുരുതരാവസ്ഥയിലായിട്ടും വെന്റിലേറ്റർ സൗകര്യമില്ലെന്ന കാരണത്താൻ സ്വകാര്യ ആശുപത്രിയിലേക്ക് അയച്ചത് ശരിയായില്ല. ഇക്കാര്യമുന്നയിച്ച് ആരോഗ്യ വകുപ്പ് മന്ത്രിക്ക് എം.എൽ.എ കത്ത് നൽകി.

## ടെണ്ടർ ക്ഷണിച്ചു

കൊടുവള്ളി അഡീഷണൽ ശിശുവികസന പദ്ധതി കാര്യാലയ പരിധിയിലെ ഓമശ്ശേരി, തിരുവമ്പാടി, കൂടരഞ്ഞി, പുതുപ്പാടി, കോടഞ്ചേരി പഞ്ചായത്തുകളിലെ 148 സെന്ററുകളിലേക്ക് പാൽ വിതരണം ചെയ്യാൻ റീ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി ജൂലൈ 21ന് ഉച്ച ഒരു മണി. ഫോൺ: 0492 2281044.

## വയോജനങ്ങൾക്ക് കട്ടിൽ വിതരണം

പുറമേരി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. 61 പേർക്കാണ് കട്ടിൽ നൽകിയത്. പുറമേരി കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി കെ ജ്യോതി ലക്ഷ്മി വിതരണോദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് ടി പി സീന അധ്യക്ഷത വഹിച്ചു. ഐസിഡിഎസ് സൂപ്പർവൈസർ ബിന്ദു പദ്ധതി വിശദീകരിച്ചു. സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ എം വിജിഷ, മെമ്പർ ഒ ടി ജിഷ എന്നിവർ സംസാരിച്ചു.

## കുക്ക് നിയമനം

വളയം പഞ്ചായത്തിലെ കല്ലുനിരയിലെ കെഎപി ആറാം ബറ്റാലിയനിൽ കുക്ക് തസ്തികയിൽ രണ്ട് ക്യാമ്പ് ഫോളോവർമാരെ ദിവസവേതനത്തിൽ നിയമിക്കുന്നതിന് ജൂലൈ 26ന് രാവിലെ 11ന് ബറ്റാലിയൻ ഓഫീസിൽ പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തും. ദിവസം 710 രൂപ നിരക്കിൽ 59 ദിവസത്തേക്കാണ് നിയമനം. അപേക്ഷ, ആധാർകാർഡ്, ബാങ്ക് അക്കൗണ്ട്, പാസ്ബുക്ക് എന്നിവ സഹിതം എത്തണം.

## മരം ലേലം

പൂനത്ത് ഡിസ്ട്രിബ്യൂട്ടറി കനാൽഭൂമി സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി കൂട്ടാലിട ടൗണിന് സമീപത്തെ മഹാഗണി, പൂമരം, മഴമരം, മട്ടി, ബദാം മരങ്ങൾ ജൂലൈ 21ന് രാവിലെ 11.30ന് ലേലം ചെയ്യുമെന്ന് കുറ്റ്യാടി ജലസേചന പദ്ധതി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഫോൺ: 0496 2963223.

# സംസ്ഥാനത്ത് 674 പേർ നിപ സമ്പർക്കപ്പട്ടികയിൽ; കോഴിക്കോട്ട് 115

വിവിധ ജില്ലകളിലായി 674 പേർ നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് 115, മലപ്പുറം 131, പാലക്കാട് 426, എറണാകുളം 1, തൃശൂർ 1 എന്നിങ്ങനെയാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 12 പേർ ഐസൊലേഷനിൽ ചികിത്സയിലുണ്ട്. ഇതുവരെ 88 സാമ്പിളുകൾ നെഗറ്റീവ് ആയി. ജില്ലയിൽ ഐസിഎംആർ സംഘം സന്ദർശനം നടത്തി. ഐസൊലേഷൻ കാലം പൂർത്തിയാക്കിയ മലപ്പുറം ജില്ലയിൽ നിന്നുള്ള 81 പേരേയും പാലക്കാട് നിന്നുള്ള 2 പേരേയും എറണാകുളത്ത് നിന്നുള്ള ഒരാളേയും സമ്പർക്കപ്പട്ടികയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പാലക്കാട് 17 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. സംസ്ഥാനത്ത് ആകെ 32 പേർ ഹൈയസ്റ്റ് റിസ്കിലും 111 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്. നിപ കേസുകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഡോക്യുമെന്റ് ചെയ്യാൻ മന്ത്രി നിർദേശം നൽകി.

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, പോലീസ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കുന്ദമംഗലം മണ്ഡലത്തിൽ 4.5 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി

കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നാല് പ്രവൃത്തികൾക്കായി 4.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി പി ടി എ റഹീം എംഎൽഎ അറിയിച്ചു. കാരന്തൂർ പാറക്കടവ് റോഡിന് 2 കോടി, പുവാട്ടുപറമ്പ്-കോട്ടായിത്താഴം റോഡിന് 1.75 കോടി, ചെത്തുകടവ് വരിട്ട്യാക്കിൽ ബൈപാസ് സ്ഥലമെടുപ്പിന് 50 ലക്ഷം, കളൻതോട് ടൗണിൽ കൂളിമാട് റോഡ് ജങ്ഷൻ സ്ഥലമെടുപ്പിന് 25 ലക്ഷം എന്നിങ്ങനെയാണ് തുക അനുവദിച്ചത്.

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ധനകാര്യ മന്ത്രി പ്രഖ്യാപിച്ച പദ്ധതികൾക്കാണ് സർക്കാർ ഉത്തരവിലൂടെ തുക അനുവദിച്ചതെന്നും പദ്ധതികൾ യാഥാർഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതായും എംഎൽഎ അറിയിച്ചു.

## ഡയറ്റീഷ്യൻ നിയമനം

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രം കെഎഎസ്പിക്ക് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡയറ്റീഷ്യനെ നിയമിക്കും. യോഗ്യത: ന്യൂട്രീഷൻ ആൻഡ് ഡയറ്റെറ്റിക്സിൽ ഡിപ്ലോമ. പ്രായപരിധി: 18-45. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 22ന് രാവിലെ 11ന് ഐഎംസിഎച്ച് സൂപ്രണ്ട് ഓഫീസിൽ കൂടിക്കാഴ്ചക്കെത്തണം.

## പ്രവാസികൾക്ക് ഏകദിന സംരംഭകത്വ ശിൽപശാല

പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കുമായി നോർക്കാ റൂട്ട്സും സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും (സിഎംഡി) ചേർന്ന് സൗജന്യ ഏകദിന സംരംഭകത്വ ശിൽപശാല സംഘടിപ്പിക്കും. ജൂലൈ 23ന് രാവിലെ 9.30ന് കോഴിക്കോട് ടൗൺ ഹാളിലാണ് പരിപാടി. തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന എൻ.ഡി.പി.ആർ.ഇ.എം ഉൾപ്പെടെയുള്ള പദ്ധതികളുടെയും സേവനങ്ങളുടെയും വിവരങ്ങൾ ശിൽപശാലയിൽ ലഭ്യമാകും. ഫോൺ: 0471 2329738, 8078249505.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടെ ഒരുവർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠനകേന്ദ്രങ്ങളിൽ ഇന്റേൺഷിപ്പോടെയുള്ള റെഗുലർ/പാർട്ട്ടൈം ബാച്ചുകളിലേക്ക് പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. ഫോൺ: 7994926081.

# താമരശ്ശേരി –പള്ളിപ്പുറം റോഡ് നവീകരണത്തിന് ഭരണാനുമതി

2025–26 ബജറ്റിൽ കൊടുവള്ളി നിയോജകമണ്ഡലത്തിലെ താമരശ്ശേരി -പള്ളിപ്പുറം റോഡ് നവീകരണത്തിന് അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതായി ഡോ. എം കെ മുനീർ എംഎൽഎ അറിയിച്ചു.

താമരശ്ശേരിയിൽ നിന്ന് ആരംഭിച്ച് പള്ളിപ്പുറത്ത് അവസാനിക്കുന്ന രണ്ട് കിലോമീറ്റർ റോഡ് പൂർത്തിയാകുന്നതോടെ ഗതാഗതക്കുരുക്കിന് പരിഹാരമാകും. പരപ്പൻപൊായിൽ വഴി ദേശീയപാത 766 ലേക്കും തച്ചംപൊയിൽ വഴി കൊയിലാണ്ടി-എടവണ്ണ സംസ്ഥാനപാതയിലേക്കും ബൈപ്പാസായി ഈ റോഡ് ഉപയോഗിക്കാനുമാകും.

5 മീറ്റർ വീതിയിൽ ബിഎം, ബിസി നിലവാരത്തിലാണ് റോഡ് നവീകരിക്കുന്നത്. ആവശ്യമായ സ്ഥലങ്ങളിൽ അഴുക്കുചാലും കലുങ്കും നിർമിക്കും. റോഡിന്റെ സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും എംഎൽഎ അറിയിച്ചു.ബജറ്റിൽ രണ്ട് കോടി അനുവദിച്ച കൊടുവള്ളി സിഎച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഒന്നാംഘട്ട ഹോസ്റ്റൽ നിർമാണത്തിന്റെ എസ്റ്റിമേറ്റും കെട്ടിടത്തിന്റെ പ്ലാനും തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ബജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ച സിറാജ് ബൈപ്പാസ് റോഡിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട റവന്യൂ രേഖകളുടെ അടിസ്ഥാനത്തിലുള്ള സർവേ നടപടികൾ അവസാന ഘട്ടത്തിലാണ്. 10 മീറ്റർ വീതിയിൽ അഴുക്കുചാലും നടപ്പാതയും ഉൾപ്പെടെ ബിഎം, ബി സി നിലവാരത്തിലാണ് ബൈപ്പാസ് നിർമിക്കുക. ഇത് കൊടുവള്ളിയിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമാകുമെന്നാണ് പ്രതീക്ഷയെന്നും എംഎൽഎ പറഞ്ഞു.

നരിക്കുനി ഗ്രാമപഞ്ചായത്തിൽ മൂന്നരക്കോടി രൂപ അനുവദിച്ച കാപ്പാട്-തുഷാരഗിരി അടിവാരം റോഡിലെ നരിക്കുനി അങ്ങാടി -പള്ളിയാർക്കോട്ട ഭാഗത്തെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. രണ്ട് കോടി രൂപ അനുവദിച്ചിരുന്ന നരിക്കുനി ബൈപ്പാസ് ഒന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് എൻജിനീയർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും നിലവിൽ ഇത് സർക്കാരിന്റെ പരിഗണനയിലാണെന്നും എംഎൽഎ കൂട്ടിച്ചേർത്തു.



# പ്രവാസിസംരംഭകർക്ക് കേരളാ ബാങ്കു വഴി ഈ വർഷം 100 കോടി രൂപയുടെ വായ്പ

തിരുവനന്തപുരം; നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികേരളീയരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം കേരളാബാങ്കു വഴി 100 കോടി രൂപയുടെ സംരംഭകവായ്പകൾ ലഭ്യമാക്കും. എൻ.ഡി.പി.ആർ.ഇ.എം, പ്രവാസി കിരൺ പദ്ധതി നടത്തിപ്പു സംബന്ധിച്ച് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, കേരളാ ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ അവലോകന യോഗത്തിലാണ് തീരുമാനം. എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടെ ഭാഗമായി 10 ലക്ഷം വരെയുള്ള സംരംഭകവായ്പകൾക്ക് ഈട് ഒഴിവാക്കുന്നതിനുള്ള സാധ്യതകളും ചർച്ച ചെയ്തു. ഇതിനായി പുതിയ സംരംഭക വായ്പ പദ്ധതി കേരളാ ബാങ്ക് അവതരിപ്പിക്കും. ആഗസ്റ്റിനു ശേഷം സംസ്ഥാനത്താകെ 30 വായ്പാ മേളകൾ സംഘടിപ്പിക്കാനും ധാരണയായി. പ്രവാസി പുനരധിവാസത്തിനായി നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മികച്ച പിന്തുണ ലഭ്യമാക്കുമെന്നും കേരളാ ബാങ്ക് പ്രതിനിധികൾ വ്യക്തമാക്കി. തൈക്കാട് നോർക്ക സെന്ററിൽ നടന്ന യോഗത്തിൽ നോർക്ക റൂട്ട്സ് സിഇഒ അജിത്ത് കോളശേരി, കേരള ബാങ്ക് സിഇഒ ജോർട്ടി എം ചാക്കോ, നോർക്ക റൂട്ട്സ് ജനറൽ മാനേജർ ടി. രശ്മി തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്താകെ 823 ശാഖകളുള്ള കേരളാ ബാങ്ക് ഉൾപ്പെടെ സംസ്ഥാനത്തെ 17 ബാങ്കിങ്, ധനകാര്യസ്ഥാപനങ്ങൾ വഴിയാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി നടപ്പിലാക്കിവരുന്നത്. രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു മടങ്ങിയെത്തിയ പ്രവാസി കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പദ്ധതി പ്രയോജനപ്പെടുത്താം. 30 ലക്ഷം രൂപവരെയുള്ള സംരംഭകവായ്പകളാണ് പദ്ധതിവഴി ലഭിക്കുന്നത്. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും മുന്നു ശതമാനം പലിശ സബ്സിഡിയും ലഭിക്കും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തു നിന്നും, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാം.

# സ്വച്ഛ് സർവേക്ഷൻ സർവേ: കോഴിക്കോട് കോർപറേഷനും പയ്യോളി നഗരസഭക്കും നേട്ടം




കോഴിക്കോട്: കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം നടത്തുന്ന രാജ്യത്തെ ഏറ്റവും വലിയ ശുചിത്വ സർവേയായ സ്വച്ഛ് സർവേക്ഷൻ 2024ൽ മികച്ച നേട്ടവുമായി കോഴിക്കോട് കോർപ്പറേഷനും പയ്യോളി നഗരസഭയും. രാജ്യത്തെ 4,852 തദ്ദേശ സ്ഥാപനങ്ങൾ പങ്കെടുത്ത മത്സരത്തിൽ കോഴിക്കോട് കോർപ്പറേഷൻ 70ാം റാങ്കിലെത്തി. 2023ൽ 3,367 ആയിരുന്നു കോർപറേഷന്റെ സ്ഥാനം. 2016 മുതൽ കേന്ദ്രസർക്കാർ നടത്തിവരുന്ന സർവേയിൽ 1000ത്തിൽ താഴെ റാങ്കിലേക്ക് കേരളത്തിലെ ഒരു നഗരസഭയും ഇതുവരെ എത്തിയിരുന്നില്ല.'ഗാർബേജ് ഫ്രീ സിറ്റി' വൺ സ്റ്റാർ റാങ്കിങ്ങിൽ സംസ്ഥാനത്തു നിന്ന് തെരഞ്ഞെടുക്കപ്പെട്ട 20 നഗരങ്ങളിൽ പയ്യോളി നഗരസഭയും ഇടം പിടിച്ചു. ആദ്യമായാണ് സർവേക്ഷനിലെ പ്രധാന ഘടകമായ ഗാർബേജ് ഫ്രീ സിറ്റീസ് സ്റ്റാർ റേറ്റിങ്ങിൽ സംസ്ഥാനത്തെ നഗരസഭകൾ സ്ഥാനം പിടിക്കുന്നത്. സ്വച്ഛ് സർവേഷനിൽ കഴിഞ്ഞ വർഷം 3,707ാം റാങ്കിലായിരുന്ന പയ്യോളി ഇത്തവണ 596ാം സ്ഥാനത്തെത്തി. 2024 സർവേക്ഷനിൽ കൂടുതൽ മികവ് പുലർത്താനായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ എല്ലാ നഗരസഭകളിലും സ്വച്ഛ് സർവേക്ഷൻ പ്രീ അസസ്മെന്റ് നടത്തിയിരുന്നു. ഈ പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ചതും റാങ്കിൽ മുന്നേറാൻ സഹായകമായി. ജില്ലയിലെ എല്ലാ നഗരങ്ങളും നില മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന നിരന്തര പരിശ്രമമാണ് നേട്ടത്തിന് പിന്നിലെന്നും ജില്ലാ ശുചിത്വ മിഷൻ ഓഫീസ് അറിയിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിൽനിന്ന് മന്ത്രി എം ബി രാജേഷും സംഘവും കേരളത്തിനായി പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

# ബേപ്പൂർ തുറമുഖ വികസനം ത്വരിതപ്പെടുത്താൻ തീരുമാനം

ബേപ്പൂർ: തുറമുഖ വികസനം ത്വരിതപ്പെടുത്താൻ തിരുവനന്തപുരത്ത് മന്ത്രിമാരും ഉദ്യോഗസ്ഥ മേധാവികളും പങ്കെടുത്ത യോഗത്തിൽ തീരുമാനം. തുറമുഖത്ത് അടിയന്തരമായി നടപ്പാക്കേണ്ട വികസന പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കാനും ക്യാപിറ്റൽ ഡ്രഡ്ജിങ് ഉൾപ്പെടെയുള്ള പദ്ധതികളുടെ നടപടികൾ വേഗത്തിലാക്കാനും തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ, പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന യോഗം നിർദേശിച്ചു.

തുറമുഖത്തെ മഴവെള്ളക്കെട്ട് പരിഹരിക്കാൻ അഴുക്കുചാലുകൾ അടിയന്തരമായി ശുചീകരിക്കാനും ആവശ്യമെങ്കിൽ പുതിയ ഡ്രൈനേജ് നിർമിക്കാനുമുള്ള ഭരണാനുമതിക്കായി പദ്ധതി തയാറാക്കി സമർപ്പിക്കാനും മാരിടൈം ബോർഡിന് നിർദേശം നൽകി. ലൈസൻസുള്ള തുറമുഖ തൊഴിലാളികളുടെ തൊഴിൽപാസ്, ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ നിർദ്ദേശിക്കുന്നവർക്ക് കൈമാറാൻ അനുമതി നൽകും. ആശ്രിത നിയമനം നേരത്തെ വിലക്കിയിരുന്നതിനാൽ ഇത് പുന:സ്ഥാപിക്കണമെന്നതായിരുന്നു തൊഴിലാളി യൂണിയനുകളുടെ ആവശ്യം. തുറമുഖ വികസനത്തിന്റെ പ്രധാന ഘടകമായ ഡ്രഡ്ജിങ്ങിനായി പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് ഉടൻ ലഭ്യമാക്കും. പുതിയ വാർഫ്, ക്യാപിറ്റൽ ഡ്രഡ്ജിങ് എന്നിവയുടെ ഭരണാനുമതിക്കായി സർക്കാറിലേക്ക് പദ്ധതി നിർദ്ദേശം സമർപ്പിക്കാനും മന്ത്രിമാർ മാരിടൈം ബോർഡിനോട് നിർദ്ദേശിച്ചു. ഒരു മാസത്തിന് ശേഷം യോഗതീരുമാനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തും.

തിരുവനന്തപുരത്ത് മന്ത്രി വി എൻ വാസവന്റെ ചേംബറിൽ നടന്ന ചർച്ചയിൽ തുറമുഖ വകുപ്പ് സെക്രട്ടറി ഡോ.എ കൗശികൻ, ജോയന്റ് സെക്രട്ടറി ടി കെ ശ്യാംകുമാർ, മാരിടൈം ബോർഡ് ചെയർമാൻ എൻ എസ് പിള്ള, സിഇഒ ഷൈൻ എ ഹഖ്, ഹാർബർ എൻജിനീയറിങ് വിഭാഗം ഉദ്യോഗസ്ഥർ, തൊഴിലാളി സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# കോഴിക്കോട് ജില്ലയിൽ മണ്ണിടിഞ്ഞും മരം വീണും വ്യാപകനാശം

ചക്കിട്ടപാറ: മലയോരത്ത് മണിക്കൂറുകളോളം തിമർത്തു പെയ്ത മഴയിൽ വ്യാപക നാശനഷ്ടം. മരം വീണ് ഗതാഗതം മുടങ്ങുകയും വൈദ്യുതി ലൈൻ നശിക്കുകയും ചെയ്തു. വീടുകളുടെ മേൽ മണ്ണിടിച്ചിലിൽ മരം വീണ് നാശമുണ്ടായി. കൃഷി ഭൂമികളിൽ വെള്ളം കയറി കാർഷിക വിളകൾ നശിച്ചു.

പശുക്കടവ് വനമേഖലയിൽ ഉരുൾപൊട്ടലിനെ തുടർന്ന് ചെമ്പനോട കടന്തറ പുഴയിലെ മലവെള്ളപ്പാച്ചിലാൽ മൂന്നാം വാർഡിലെ ഇല്ലിക്കൽ നഗറിലെ 13 കുടുംബങ്ങളെ ചെമ്പനോട സെന്റ് ജോസഫ് സ്കൂളിലേക്ക് മാറ്റി താമസിപ്പിച്ചു. മഴ കുറഞ്ഞതിനെ തുടർന്ന് ഇന്നലെ രാവിലെ കുടുംബങ്ങൾ വീടുകളിലേക്ക് തിരിച്ചുപോയി.

പഞ്ചായത്ത് പ്രസിഡന്റ് കെ.സുനിൽ, മെംബർ ലൈസ ജോർജ്, പള്ളി വികാരി ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ എന്നിവർ ക്യാംപിൽ എത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## മുളപ്പാലം ഒലിച്ചുപോയി

ചക്കിട്ടപാറ, മരുതോങ്കര പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തറക്കുന്നേൽപടി മുളപ്പാലം മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. ചെമ്പനോട കടന്തറ പുഴയിൽ വെള്ളം ഉയർന്നതോടെ പറമ്പുകാട്ടിൽ പടി മേഖലയിൽ കൃഷി ഭൂമി



നശിച്ചു.

പറമ്പുകാട്ടിൽ ബേബി, ജയിംസ് എന്നിവരുടെ ഭൂമിയിലെ തെങ്ങ് ഉൾപ്പെടെ തകർന്നു. പുഴയോരം ഇടിയുന്നത് അമ്മ്യാംമണ്ണ് വണ്ണാത്തിച്ചറ റോഡിനും അപകട ഭീഷണിയാകുന്നുണ്ട്. പുഴയോരം തകർന്ന് റോഡിന്റെ 15 മീറ്ററോളം ദൂരത്തിലാണ് പുഴ ഇപ്പോൾ ഒഴുകുന്നത്. മെംബർ കെ.എ.ജോസുകുട്ടി സ്ഥലം സന്ദർശിച്ചു.മൂന്നാം വാർഡിലെ വലിയകൊല്ലി താന്നിക്കപ്പാറ ബിജുവിന്റെ വീടിന്റെ പിൻവശത്തെ മണ്ണും മരവും വീടിനു മേൽ വീണ് നാശനഷ്ടം സംഭവിച്ചു.

## പൂഴിത്തോട്ടിൽ കൃഷിഭൂമി നശിച്ചു

പഞ്ചായത്തിൽ 4ാം വാർഡിലെ പൂഴിത്തോട് പുത്തൻപുരയിൽ ഇന്ദിര, കുന്നത്ത് ദേവി എന്നിവരുടെ കൃഷി ഭൂമിയിൽ കനത്ത മഴയിൽ മണ്ണിടിഞ്ഞ് കാർഷിക വിളകൾ നശിച്ചു. കൊക്കോ, റബർ, കുരുമുളക്, കമുക് എന്നിവ തകർന്നു. മെംബർ സി.കെ.ശശി, കൃഷി ഓഫിസർ രശ്മി നായർ, അസിസ്റ്റന്റ് കൃഷി ഓഫിസർ കെ.ഗിരീഷ് കുമാർ എന്നിവർ സ്ഥലം സന്ദർശിച്ചു.

## പെരുവണ്ണാമൂഴിയിൽ കൃഷി വെള്ളത്തിലായി

പെരുവണ്ണാമൂഴി ഓനിപ്പുഴ കരകവിഞ്ഞതോടെ സമീപത്തെ കൃഷി ഭൂമികളിൽ വെള്ളം കയറി. ഏഴാം വാർഡിലെ പറങ്കിമാംവിള സിറിലിന്റെ കൃഷിയിടത്തിൽ പുഴയിലെ വെള്ളപ്പൊക്കത്തെ പ്രതിരോധിക്കാൻ നട്ടുവളർത്തിയ ഓടക്കൂട്ടം, കൈത എന്നിവ നശിച്ചു. വീടിനു സമീപം വരെ വെള്ളം കയറിയതോടെ ഭീഷണിയിലായി. പുഴയോരത്ത് വനം വകുപ്പിന്റെ ഭൂമിയിലെ മരങ്ങൾ പുഴയിലേക്ക് വീണ് കിടന്നതു നീക്കം ചെയ്യാത്തതാണ് കൃഷി ഭൂമിയിൽ നാശം വിതയ്ക്കാൻ കാരണമായത്. മഴക്കാലത്തിനു മുൻപ് മരങ്ങൾ നീക്കം ചെയ്യാൻ ആവശ്യപ്പെട്ടെങ്കിലും വനം വകുപ്പ് നടപടിയെടുത്തില്ല. കഴിഞ്ഞ 5 വർഷമായി സിറിലിന്റെ 10 സെന്റ് ഭൂമിയോളം പുഴ കരകവിഞ്ഞ് നശിച്ചു. പുഴയോര



ത്ത് സംരക്ഷണ ഭിത്തി നിർമിക്കണമെന്ന് ഒട്ടേറെ തവണ പഞ്ചായത്തിനോട് ഉൾപ്പെടെ ആവശ്യപ്പെട്ടെങ്കിലും അധികൃതർ തിരിഞ്ഞുനോക്കിയില്ലെന്നു കർഷകർ പറയുന്നു. കല്ലൂർ സുഭാഷിന്റെ കൃഷി ഭൂമിയിലും വെള്ളം കയറി. കൊക്കോ കൃഷി നശിച്ചിട്ടുണ്ട്. പഞ്ചായത്ത് മെംബർ രാജേഷ് തറവട്ടത്ത് സ്ഥലം സന്ദർശിച്ചു.

## കക്കയം ഡാം സൈറ്റ് റോഡിൽ മണ്ണിടിച്ചിൽ

കൂരാച്ചുണ്ട് : കനത്ത മഴയിൽ കക്കയം ഡാം സൈറ്റ് റോഡിൽ പലയിടങ്ങളിലും മണ്ണിടിച്ചിൽ സംഭവിച്ചു. കക്കയം വിവേക് എസ്റ്റേറ്റ്, ഡാം സൈറ്റിനു സമീപം എന്നിവിടങ്ങളിലാണു മണ്ണിടിച്ചിൽ ഉണ്ടായത്. റോഡിൽ പല മേഖലകളും മണ്ണിടിച്ചിൽ ഭീഷണിയിലാണ്. ഓവുചാൽ ഇല്ലാത്തതിനാൽ ടാറിങ് റോഡിലൂടെ വെള്ളം കുത്തിയൊഴുകി നാശം സംഭവിക്കുന്നുണ്ട്. കല്ലുപാലത്തിനു സമീപത്ത് മരം വീണതും ഗതാഗത പ്രശ്നത്തിനു കാരണമായി.

## 28ാം മൈൽ തലയാട് റോഡിലും മണ്ണിടിച്ചിൽ

മലയോര ഹൈവേ പ്രവൃത്തി നടക്കുന്ന 28ാം മൈൽ തലയാട് റോഡിൽ മണ്ണിടിഞ്ഞു. 28ാം മൈൽ വ്യൂ പോയിന്റിനു സമീപത്ത് റോഡിലേക്ക് ഇന്നലെ വെളുപ്പിന് മരങ്ങളും കല്ലും വീണ് ഗതാഗതം മുടങ്ങി. ഇന്നലെ രാവിലെ 8.30നാണ് ഗതാഗതം പുനഃസ്ഥാപിച്ചത്. പാതയോരത്ത് മണ്ണെടുത്ത മേഖലകളിൽ മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. സ്കൂൾ വിദ്യാർഥികൾ ഉൾപ്പെടെ ഭീതിയിലാണ് ഈ റൂട്ടിൽ സഞ്ചരിക്കുന്നത്. കരിയാത്തുംപാറ പുതുപ്പറമ്പിൽ ജോസഫിന്റെ വീടിന്റെ പിൻവശം ഇടിഞ്ഞ് നാശം സംഭവിച്ചു.

## നടപ്പാതയിൽ വെള്ളക്കെട്ട്

കൂരാച്ചുണ്ട്: ബാലുശ്ശേരി റോഡിലെ കിങ് സിറ്റി ടവർ മേഖലയിലെ നടപ്പാതയിലെ വെള്ളക്കെട്ട് ജനങ്ങൾക്ക് ദുരിതമാകുന്നു. സബ് ട്രഷറി, കെഎസ്എഫ്ഇ ഓഫിസിലേക്ക് ദിവസേന എത്തുന്നവർ വെള്ളക്കെട്ടിലൂടെ കാൽനട യാത്ര ചെയ്യേണ്ട സ്ഥിതിയാണ്. ബിൽഡിങ് ഏരിയയിലെ ഉറവയാണ് പ്രശ്നമാകുന്നത്. മഴ പെയ്താൽ ഓഫിസുകളിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും പോകുന്നവർ വെള്ളക്കെട്ടിലൂടെയാണു ഇപ്പോൾ യാത്ര ചെയ്യുന്നത്. ഓഫിസുകളിൽ എത്തുന്ന വയോധികർ ഉൾപ്പെടെ സാഹസികമായാണു ഇപ്പോൾ സഞ്ചരിക്കുന്നത്.

## വീടിന്റെ മതിലിടിഞ്ഞ് കുട്ടിക്കു പരുക്ക്

പേരാമ്പ്ര: കാറ്റിലും മഴയിലും വീടിന്റെ മതിൽ വീണു വിദ്യാർഥിക്ക് പരുക്ക്. മുതുവണ്ണാച്ച കുന്നത്ത് ഗിരീഷിന്റെ മകൻ അഭിൻ ലാലിനാണ് (16) പരുക്കേറ്റത്. വീടിന്റെ മുറ്റത്ത് വെള്ളം എടുക്കാൻ ഇറങ്ങിയപ്പോൾ അടുത്ത വീടിന്റെ മതിൽ ഇടിഞ്ഞു വീഴുകയായിരുന്നു. വലതു കാൽ പൊട്ടിയിട്ടുണ്ട്.

ന

കഴിഞ്ഞ ദിവസം രാത്രി 8 മണിയോടെയാണു സംഭവം. വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിയാണ്. മതിൽ പൂർണമായി ഇടിഞ്ഞ് ഗിരീഷിന്റെ വീടിന്റെ മുറ്റത്ത് പതിച്ചിട്ടുണ്ട്.



# യൂറോ 2025: നാടകീയ തിരിച്ചുവരവോടെ ഇംഗ്ലണ്ട് സെമിയിൽ, സ്വീഡൻ പുറത്ത്

സൂറിച്ചിൽ നടന്ന യൂറോ 2025 വനിതാ ചാമ്പ്യൻഷിപ്പ് ക്വാർട്ടർ ഫൈനലിൽ സ്വീഡനെ പെനാൽറ്റി ഷൂട്ടൗട്ടിൽ 3-2 ന് തോൽപ്പിച്ച് ഇംഗ്ലണ്ട് സെമിഫൈനലിൽ പ്രവേശിച്ചു. നിശ്ചിത സമയത്തും അധിക സമയത്തും 2-2 ന് സമനിലയിലായതിനെത്തുടർന്നാണ് മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീങ്ങിയത്.നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലണ്ട് രണ്ട് ഗോളിന് പിന്നിൽ നിന്ന ശേഷമാണ് തിരിച്ചു വരവ് നടത്തിയത്. മത്സരത്തിന്റെ തുടക്കത്തിൽ തന്നെ കൊസോവെയർ അസ്ലാനിയുടെയും സ്റ്റിന ബ്ലാക്ക്സ്റ്റീനിയസിന്റെയും ഗോളുകളിലൂടെ സ്വീഡൻ 2-0 ന് മുന്നിലെത്തി. മത്സരം തുടങ്ങി രണ്ട് മിനിറ്റിനുള്ളിൽ അസ്ലാനി തന്റെ 50-ാമത് അന്താരാഷ്ട്ര ഗോൾ നേടി. ആദ്യ പകുതിയുടെ മധ്യത്തിൽ ബ്ലാക്ക്സ്റ്റീനിയസ് ലീഡ് ഇരട്ടിയാക്കി.

കളി തീരാൻ 10 മിനിറ്റിൽ താഴെ മാത്രം ശേഷിക്കെ ഇംഗ്ലണ്ട് തോൽവി മുന്നിൽ കണ്ടു. എന്നാൽ 79-ാം മിനിറ്റിൽ ലൂസി ബ്രോൺസ് ഒരു ഹെഡ്ഡറിലൂടെ ഇംഗ്ലണ്ടിന് ജീവൻ നൽകി. മിനിറ്റുകൾക്കകം മിഷേൽ അഗ്യെമാങ് ഒരു ഗോൾ നേടി സ്കോർ സമനിലയിലാക്കി. അധിക സമയത്ത് കാര്യമായ മുന്നേറ്റങ്ങളൊന്നും ഇല്ലാതെ മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീങ്ങി. സ്വീഡന്റെ സ്മില്ല ഹോൾംബെർഗ് ഷോട്ട് പുറത്തേക്ക് അടിച്ചതോടെ അവർ പുറത്തും ഇംഗ്ലണ്ട് സെമിയിലും എത്തി.

ഇനി സെമിഫൈനലിൽ ഇംഗ്ലണ്ട് ചൊവ്വാഴ്ച ജനീവയിൽ ഇറ്റലിയെ നേരിടും. 1997 ന് ശേഷം ആദ്യമായാണ് ഇറ്റലി യൂറോ സെമി ഫൈനലിൽ എത്തുന്നത്.

# ബാഴ്സയുടെ ഇതിഹാസക്കുപ്പായമായ 10-ാം നമ്പർ അണിഞ്ഞവർ

ലയണൽ മെസിക്കൊപ്പം അനശ്വരമായ ബാഴ്സലോണയിലെ ആ ജഴ്സി. അതിന്റെ ഭാരം താങ്ങനാവാതെ പോയ അൻസു ഫാറ്റി എന്ന വണ്ടർ കിഡ്. പത്താം നമ്പറില്ലാതെ മൈതാനത്തേക്ക് ബാഴ്സ ചുവടുവെച്ച സീസണുകൾ. ഒടുവിൽ മിശിഹ തന്നെ ജ്ഞാനസ്നാനം ചെയ്ത യമാലിലേക്ക് എത്തിയിരിക്കുന്നു ആ നിയോഗം. എന്റെ നമ്പർ, എന്റെ ചരിത്രം, എന്റെ വഴി...എന്ന തലക്കെട്ടോടുകൂടി ലമീൻ യമാൽ പത്താം നമ്പർ ജഴ്സിയുമായി ലോകത്തിന് മുന്നിലേക്ക് നിൽക്കുകയാണ്. ആ ജഴ്സിയും നമ്പറും പേറുന്ന ചരിത്രം ചെറുതല്ല, ഇതിഹാസങ്ങളുടെ പട്ടികയിലേക്കാണ് യമാൽ എത്തിയിരിക്കുന്നത്.


ക്യാംപ് നൗവിന്റെ പുറത്തൊരു സ്റ്റാച്ച്യുവുണ്ട് ലാസ്ലോ കുബാലയുടേത്. ബാഴ്സലോണയുടെ പത്താം നമ്പർ ജഴ്സി സ്ഥിരമായി അണിഞ്ഞ ആദ്യത്തെ സൂപ്പർ താരമാണ് കുബാല. ഹംഗറിയിൽ ജനിച്ച് അഭയാർത്ഥിയായി സ്പെയിനിലേക്ക് കുടിയേറിയ കുബാല 1951ലാണ് കറ്റാലന്മാർക്കൊപ്പം കളത്തിലിറങ്ങുന്നത്. പത്ത് വർഷം നീണ്ട ബാഴ്സ കരിയറിൽ 194 ഗോളുകളാണ് കുബാല സ്കോർ ചെയ്തത്. ആറ് പതിറ്റാണ്ട് പിന്നിട്ടിട്ടും ഇന്നും ബാഴ്സയുടെ ടോപ് ഫൈവ് ഗോൾ സ്കോറർമാരിലൊരാളാണ് കുബാല. 281 മത്സരങ്ങളാണ് കുബാല ബാഴ്സയ്ക്കായി കളിച്ചിട്ടുള്ളത്.

മറ്റൊരാൾ കുബാലയുടെ സമകാലീനനായിരുന്ന ലൂയിസ് സുവാരസാണ്. 1950കളുടെ അവസാനമായിരുന്നു സുവാരസ് ബാഴ്സയ്ക്കായി പന്തുതട്ടിയിരുന്നത്. 120ലധികം മത്സരങ്ങളും അറുപതിലധികം ഗോളുകളും സുവാരസിന്റെ ബൂട്ടിൽ നിന്ന് പിറന്നു. ബാഴ്സയുടെ ഭാഗമായിരിക്കെയാണ് 1960ൽ താരത്തെ ബാലൻ ദി ഓർ പുരസ്കാരം തേടിയെത്തുന്നതും.

ബാഴ്സയിൽ കരാർ ഒപ്പിട്ടതിന് തൊട്ടുപിന്നാലെ തന്നെ പത്താം നമ്പർ ജഴ്സിയണിഞ്ഞത് സാക്ഷാൽ ഡിയൊഗൊ മറഡോണയായിരുന്നു. അന്നത്തെ റെക്കോർഡ് തുകയായ അഞ്ച് മില്യൺ പൗണ്ടിനായിരുന്നു അർജന്റീനൻ ഇതിഹാസം 1982ൽ സ്പാനിഷ് വമ്പന്മാർക്കൊപ്പം പന്തുതട്ടാനെത്തിയത്. പരുക്കുകളാൽ വലയ്ക്കപ്പെട്ട രണ്ട് സീസൺ, 38 ഗോളുകൾ. ഒടുവിൽ നാപോളിയിലേക്ക് ചേക്കേറുകയും തന്റെ കരിയർ ഐതിഹാസികമാക്കുകയും ചെയ്തു താരം.

മൈക്കൽ ലോഡ്രപ്പ് എന്ന മധ്യനിര താരം, 1989 മുതൽ 94 വരെ ബാഴ്സയിൽ. ക്ലബ്ബിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച മധ്യനിര താരങ്ങളിലൊരാളായാണ് ലോഡ്രപ്പിനെ ഫുട്ബോൾ പണ്ഡിതന്മാർ കണക്കാക്കുന്നത്. യോഹാൻ ക്രൈഫിന്റെ സ്വപ്നസംഘത്തിലെ പ്രധാനി. ബാഴ്സയ്ക്കൊപ്പം അഞ്ച് സീസണുകൾ കളിച്ച ലോഡ്രപ്പ് വൈരികളായ റയലിലേക്ക് ചുവടുമാറുകയായിരുന്നു. ഇത് വലിയ വിവാദമാകുകയും ചെയ്തിരുന്നു.

പത്താം നമ്പറിന്റെ പകിട്ടിനൊത്ത് തിളങ്ങാനാകാതെ പോയ താരമായിരുന്നു ലാ മാസിയയുടെ തട്ടിൽ നിന്ന് എത്തിയ പെപ് ഗ്വാർഡിയോള. മധ്യനിര താരം പിന്നീട് നാലാം നമ്പർ തിരഞ്ഞെടുക്കുകയും ചെയ്തു. 93ൽ



ടീമിലെത്തി ബ്രസീലിയൻ താരം റൊമാരിയോ. കന്നി സീസണിൽ ക്രൈഫിന്റെ കീഴിൽ 33 മത്സരങ്ങളിൽ നിന്ന് 30 ഗോൾ, ലാ ലിഗ ടോപ് സ്കോറർ. എന്നാൽ, ക്രൈഫുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ റൊമാരിയോയെ രണ്ട് സീസണിന് ശേഷം ഫ്ലെമംഗോ ജഴ്സി അണിയാൻ പ്രേരിപ്പിച്ചു.

ഹ്രിസ്റ്റോ സ്റ്റോയിച്കോവും ക്രൈഫിന് കീഴിൽ ബാഴ്സയിൽ പത്താം നമ്പറിൽ കളത്തിലെത്തിയ താരമാണ്. 1994ൽ ബാലൻ ദി ഓറും നേടി. മറ്റൊരു ബ്രസീലിയൻ താരമായ റിവാൽഡൊ. 97ലും 98ലും ലാ ലിഗ ബാഴ്സ നേടിയതിന് പിന്നിലെ പ്രധാന ബൂട്ടുകളിൽ ഒന്ന്. 235 മത്സരങ്ങളിൽ നിന്ന് 130 ഗോളുകൾ. ബാഴ്സയുടെ ഗോൾ വേട്ടക്കാരിൽ സാമുവൽ എറ്റുവിനൊപ്പം എട്ടാം സ്ഥാനത്തുണ്ട് റിവാൽഡൊ.

2003 മുതൽ 2008 വരെ പത്താം നമ്പർ അണിഞ്ഞ ബ്രസീലിയൻ ഇതിഹാസം റൊണാൾഡിന്യൊ. റിക്വൽമിയിൽ നിന്നാണ് ഉത്തരവാദിത്തം കൈമാറിക്കിട്ടിയത്. ഫുട്ബോളിലെ മികച്ച പ്ലേമേക്കർമാരിലൊരാളായ റിക്വൽമിക്ക് 2002-03 സീസണിലെ മോശം പ്രകടനമാണ് 10-ാം നമ്പർ നഷ്ടപ്പെടാൻ കാരണമായത്. മറുവശത്ത് റൊണാൾഡിന്യൊ കളത്തിൽ മഞ്ഞക്കുപ്പായത്തിലെ അതേ മാന്ത്രീകത ആവർത്തിച്ചു, സാന്റിയാഗൊ ബെർണബ്യൂവിൽ പോലും കയ്യടി ലഭിച്ച നിമിഷങ്ങൾ സൃഷ്ടിക്കാൻ ബ്രസീലിയൻ താരത്തിനായി. 2005ൽ ബാലൻ ദി ഓറും ലഭിച്ചു.റൊണാൾഡിന്യോയുടെ അസിസ്റ്റിൽ നിന്ന് ബാഴ്സയ്ക്കായി സ്കോറിങ് ആരംഭിച്ച മെസിക്ക് മൂന്ന് വർഷമായിരുന്നു 10-ാം നമ്പറിനായി കാത്തിരിക്കേണ്ടി വന്നത്. ആദ്യം 30-ാം നമ്പറും പിന്നീട് 19മായിരുന്നു മെസി അണിഞ്ഞിരുന്നത്.

2008-09 സീസൺ മുതലാണ് മെസി പത്താം നമ്പർ ജഴ്സിയിൽ ബാഴ്സയ്ക്കായി പന്തുതട്ടിത്തുടങ്ങിയത്. പിന്നീട് നടന്നതെല്ലാം ചരിത്രം, ക്ലബ്ബിനൊപ്പം 34 കിരീടങ്ങൾ. ബാഴ്സയുടെ ഓൾ ടൈം ടോപ് സ്കോററായാണ് മെസി പാരീസിനായി ബൂട്ടുകെട്ടാനിറങ്ങിയത്.

# കുഞ്ഞൂഞ്ഞിൻറെ ഓർമകളിൽ കേരളം

തിരുവനന്തപുരം: മുന്നിൽവന്നവർക്കെല്ലാം കാരുണ്യസ്പർശം ചൊരിയാൻ അധികാരം വിനിയോഗിച്ച് പൊതുപ്രവർത്തനത്തിന്റെ വേറിട്ട മാതൃക കാണിച്ച ഉമ്മൻചാണ്ടി ഓർമയായിട്ട് ഇന്ന് രണ്ടുവർഷം. ജനങ്ങളിലലിഞ്ഞ് ജനമനസുകളിലൂടെ വളർന്ന് ജനനായകനായി മാറിയ ഉമ്മൻചാണ്ടി ഇന്നും ജനഹൃദയങ്ങളിൽ മായാത്ത ഓർമയാണ്. രാഷ്ട്രീയത്തിലും ഭരണതലത്തിലും തിരുത്താനാവാത്ത റെക്കാഡുകൾ കുറിച്ചിട്ട ഉമ്മൻചാണ്ടി, മൺമറഞ്ഞ ശേഷം കരുത്തുകാണിക്കുന്നതാണ് കേരളം കാണുന്നത്.

ജയ് വിളിക്കാൻ നാലാളെ കൂട്ടിയാൽ ആർക്കും നേതാവാം. പക്ഷേ ജനനേതാവാകാൻ അത് മാത്രം പോരാ. ജനനേതാവ് എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയാണ് ഉമ്മൻചാണ്ടിയെന്ന പേര്. ലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ നേരിട്ട കണ്ട് സംസാരിച്ചിട്ടുള്ള മനുഷ്യനാരെന്ന് കണ്ടെത്തിയിട്ടില്ല. അങ്ങനെ രേഖപ്പെടുത്തി വച്ചിരുന്നെങ്കിൽ ആധുനിക കാലത്ത് അതിനും ഉത്തരം ഒരുപക്ഷേ ഉമ്മൻചാണ്ടി ആയെനെ. ഇഴതെറ്റാതെ ഊടും പാവും നെയ്ത് ജനനേതാവ് കടന്നുചെന്ന ഹൃദയങ്ങൾക്ക് പ്രായവ്യത്യാസമുണ്ടായിരുന്നില്ല.



കേരളത്തിലെ പൊതുമണ്ഡലത്തിൽ ഒരു വിളിപ്പാട് അകലെ ഉമ്മൻ ചാണ്ടിയെ ജനങ്ങൾ ആഗ്രഹിക്കുന്നതിന്റെ തെളിവാണ് പുതുപ്പള്ളി പള്ളിയിലെ കബറിടത്തിലേക്കുള്ള ഇന്നും നിലയ്ക്കാത്ത പ്രവാഹം. മരണാനന്തരം മലയാളി ഇങ്ങനെ ചർച്ച ചെയ്ത് വിജയം ചാർത്തിക്കൊടുത്ത മറ്റൊരു നേതാവുമുണ്ടാകില്ല. ജീവിച്ചിരിക്കെ നേരിട്ട ആരോപണങ്ങൾക്കെല്ലാം ജനകോടതിയിൽ അഗ്നിശുദ്ധി വരുത്തിയായിരുന്നു പുതുപ്പള്ളിയിലേക്കുള്ള ഉമ്മൻചാണ്ടിയുടെ അവസാന ജനസമ്പർക്കയാത്ര. ഉമ്മൻചാണ്ടി എന്ന കേരളയാത്ര കണ്ണികൾ അറ്റുപോകാത്ത മനുഷ്യച്ചങ്ങലായിരുന്നുവെന്ന് തെളിയിച്ച യാത്ര.

മന്ത്രിയും പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും ഇടവേളയില്ലാതെ 53വർഷക്കാലം എം.എൽ.എയുമായിരുന്ന ഉമ്മൻചാണ്ടി ഇല്ലാതെ ഒരുപിടി തിരഞ്ഞെടുപ്പുകൾ നേരിടാൻ കോൺഗ്രസ് ശീലിച്ചുതുടങ്ങിയെങ്കിലും പ്രചാരണത്തിലുടനീളം നിറഞ്ഞുനിൽക്കുന്നത് ഉമ്മൻചാണ്ടി ഓർമകളാണ്. ഉമ്മൻചാണ്ടിയുടെ നിഘണ്ടുവിലെ അതിവേഗം ജനങ്ങൾക്ക് വേണ്ടിയായിരുന്നെങ്കിൽ ബഹുദൂരം കേരളത്തിന്റെ വികസന കുതിപ്പുനുള്ളതായിരുന്നു. ആ കൈയ്യൊപ്പ് ചാർത്തിയ ഏറ്റവും വലിയ പദ്ധതി വിഴിഞ്ഞത്ത് നങ്കൂരമിട്ടപ്പോഴും അവകാശതർക്കങ്ങൾക്കിടയിൽ കേരളം ഓർത്തത് ഉമ്മൻചാണ്ടിയെന്ന ഭരണാധികാരിയെയാണ്.

കലർപ്പില്ലാത്ത കരുതൽ കാത്തുസൂക്ഷിച്ച ഉമ്മൻചാണ്ടി മനഃപാഠമാക്കിയത് ജനങ്ങൾ എന്ന എത്ര വായിച്ചാലും തീരാത്ത മഹാപുസ്തകമാണ്. ജനപ്രശ്നങ്ങളായിരുന്നു ഉമ്മൻചാണ്ടിയുടെ പ്രശ്നങ്ങൾ. ആശുപത്രിവാസത്തിലും നിമിഷപ്രിയയുടെ മോചനത്തിനായുള്ള ഉമ്മൻചാണ്ടിയുടെ ശ്രമങ്ങൾ വീണ്ടും ചർച്ചയാണ്.

ഇക്കഴിഞ്ഞ ദിവസങ്ങളിൽ നിമിഷപ്രിയയുടെ ശിക്ഷ മരവിപ്പിക്കുന്നതിൽ ചാണ്ടി ഉമ്മന്റെ ഇടപെടലുണ്ടായിപ്പോഴും ഉമ്മൻചാണ്ടിയുടെ അദൃശ്യമായ കരസ്പർശമാണ് ജനം കാണുന്നത്.

# ഭക്ഷണം പാഴ്സൽ വാങ്ങാനെത്തുന്ന യുവതികൾക്ക് നേരെ നഗ്നതാപ്രദർശനം; അറസ്റ്റിൽ

കോഴിക്കോട്: നഗരപരിധിയിൽ സ്ത്രീകൾക്കുമുൻപിൽ നഗ്നതാപ്രദർശനം നടത്തിയ ആളെ നടക്കാവ് പോലീസ് അറസ്റ്റുചെയ്തു. വെള്ളയിൽ സ്വദേശിയായ ചെക്രായിൻവളപ്പ് എംവി ഹൗസിൽ ഷറഫുദ്ദീനെ (55) ആണ് നടക്കാവ് പോലീസ് അറസ്റ്റുചെയ്തത്.

ആറിന് രാത്രി ഒൻപതുമണിയോടെ ബാലൻ കെ. നായർ റോഡിലെ റസ്റ്ററന്റിൽ ഭക്ഷണം പാഴ്സൽ വാങ്ങാനെത്തിയ യുവതികൾ ഭക്ഷണം ഓർഡർ ചെയ്ത് കാറിൽ കാത്തിരിക്കുമ്പോഴാണ് ഇയാൾ



യുവതികൾക്കുമുൻപിൽ നഗ്നതാപ്രദർശനം നടത്തിയതെന്ന് പോലീസ് പറഞ്ഞു.

യുവതി നടക്കാവ് പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർചെയ്തു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇയാൾ ലേഡീസ് ഹോസ്റ്റൽ ഉൾപ്പെടെയുള്ള മറ്റു സ്ഥലങ്ങളിലും സ്ത്രീകൾക്കുമുൻപിൽ നഗ്നതാപ്രദർശനം നടത്തിയതായി കണ്ടെത്തി. നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ലീലാ വേലായുധൻ, സീനിയർ സിപിഒ മഹേശ്വരൻ, സിപിഒ ധനീഷ്, നസീഹുദ്ദീൻ, ജിഷാദ് എന്നിവരാണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്.

# യുവതിയെ ബലാത്സംഗംചെയ്ത ബസ് ജീവനക്കാരൻ അറസ്റ്റിൽ

കോഴിക്കോട്: മലപ്പുറം സ്വദേശിനിയായ യുവതിയെ ബലാത്സംഗംചെയ്ത സംഭവത്തിൽ പ്രതിപിടിയിൽ. മാറാട് അരക്കിണർ ആലപ്പാട്ട് വീട്ടിൽ ശബരീനാഥിനെ (24) മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തു. ബസ് ജീവനക്കാരനായ പ്രതി മലപ്പുറം സ്വദേശിനിയായ യുവതിയോട് സ്നേഹം നടിച്ച് ഏപ്രിൽ മൂന്നിന് മെഡിക്കൽ കോളേജിനടുത്തുള്ള കെട്ടിടത്തിലെ മുറിയിൽ കൊണ്ടുവന്ന് നിർബന്ധിത ലൈംഗിക പീഡനത്തിന് വിധേയമാക്കുകയും യുവതിയുടെ നഗ്ന വീഡിയോ മൊബൈൽ ഫോണിൽ റെക്കോർഡ് ചെയ്യുകയുമായിരുന്നു. പിന്നീട് യുവതിയുടെ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി വീണ്ടും യുവതിയെ മെഡിക്കൽ



കോളേജിനടുത്തുള്ള കെട്ടിടത്തിലെ മുറിയിൽ കൊണ്ടുപോയി പലതവണ ബലാത്സംഗം ചെയ്യുകയായിരുന്നു.

യുവതിയുടെ പരാതിയിൽ മെഡിക്കൽ കോളേജ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനിടെയാണ് വാഴയൂർവെച്ച് പ്രതി പിടിയിലാകുന്നത്.

മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ എസ്ഐമാരായ അരുൺ, സന്തോഷ്, എസ്സിപിഒ വിഷ്ലാൽ, സിപിഒ ജിതിൻ എന്നിവർ ചേർന്നാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# യുഎൽസിസിഎസ് എജിഎം അനിൽകുമാർ പൊറ്റെക്കാടിന് ബിഎസ്എസ് ദേശീയപുരസ്കാരം

കോഴിക്കോട്: ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഗുണമേന്മാവിഭാഗം അസിസ്റ്റന്റ് ജനറൽ മാനേജറും സൊസൈറ്റിയുടെ സഹസ്ഥാപനമായ കോഴിക്കോട്ടെ മാറ്റർ ലാബിന്റെ (മാറ്റർ മറ്റീരിയൽ ടെസ്റ്റിങ് ആൻഡ് റിസർച്ച് ലബോറട്ടറി) ക്വാളിറ്റി മാനേജറും ഡപ്യൂട്ടി ജനറൽ മാനേജറുമായ അനിൽകുമാർ പൊറ്റെക്കാടിന് ഭാരത് സേവക് സമാജിന്റെ ദേശീയപുരസ്കാരം. തിരുവനന്തപുരം കവടിയാറിൽ ബിഎസ്എസ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ബിഎസ്എസ് അഖിലേന്ത്യാ ചെയർമാൻ ബി എസ്. ബാലചന്ദ്രൻ, മിസോറാം മുൻ ഗവർണ്ണർ കുമ്മനം രാജശേഖരൻ എന്നിവർ ചേർന്ന് അവാർഡ് സമ്മാനിച്ചു.

ലോകത്തെ ഏറ്റവും വലിയ പല പദ്ധതികളിലും ഗുണമേന്മാവിഭാഗത്തിന്റെ ചുമതല വഹിച്ചിട്ടുള്ള അനിൽകുമാർ നിർമ്മാണരംഗത്തെ ഗുണനിലവാരപരിപാലനത്തിലും അതിന്റെ നിരന്തരമെച്ചപ്പെടുത്തലുകളിലും ഊന്നി നടത്തിയ പ്രവർത്തനങ്ങൾ മുൻനിർത്തിയാണ് അവാർഡ്.

ബുർജ് ഖലീഫ, ജുമൈറ ബീച്ച് റസിഡൻസ്, എമിറേറ്റ് സ്റ്റാഫ് ടവർ തുടങ്ങിയ പ്രമുഖപദ്ധതികളിൽ ക്വാളിറ്റി കൺട്രോൾ എൻജിനീയർ ആയിരുന്നു. ലോകപ്രശസ്ത ഫ്രഞ്ച് കമ്പനിയായ ഒബയാഷി, ചൈനീസ് ഹാർബർ എൻജിനീയറിങ് കമ്പനി സി എച്ച്ഇസി തുടങ്ങിയവയുടെ ഗുണമേന്മാവിഭാഗത്തിനും നേതൃത്വം നല്കി. ദോഹ ഡൗൺ ടൗൺ പദ്ധതിയും ലോകത്തെ ഏറ്റവും വലിയ പോർട്ടായ ഹമദ് പോർട്ട് നിർമ്മാണവും



ഉൾപ്പെടെ നിരവധി അന്താരാഷ്ട്രപദ്ധതികളിൽ പ്രവർത്തിച്ചു. 2018-ലാണ് ഊരാളുങ്കൽ സൊസൈറ്റിയിൽ ഗുണമേന്മാവിഭാഗത്തിൽ എജിഎം ആയി ചേർന്നത്.

1994-ൽ ആരംഭിച്ച തൊഴിൽ ജീവിതത്തിന്റെ തുടക്കത്തിൽ തന്നെ സ്വന്തം നിർമ്മാണക്കമ്പനിയും റിയൽ എസ്റ്റേറ്റ് സംരംഭവും നടത്തി വിജയകരമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2003-ൽ ദുബായിയിൽ അറബ് ടെക്, അൽ നഖ്ൽ എന്നീ കമ്പനികളിലൂടെയാണ് അന്താരാഷ്ട്രനിർമ്മാണരംഗത്തേക്കു കടക്കുന്നത്. 2008-ൽ ഖത്തറിലേക്കു പ്രവർത്തനരംഗം മാറ്റി.

ജോലിയുടെ ഭാഗമായി അമേരിക്ക, ഓസ്ട്രേലിയ, ജർമ്മനി, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു പഠനങ്ങൾ നടത്തിയത് ആഗോളമാനദണ്ഡങ്ങളും സംവിധാനങ്ങളും നേരിട്ടറിയാൻ അവസരമായി. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഓർഗനൈസേഷണൽ എക്സലൻസ്, ഐഎസ്ഒ 9001 ക്വാളിറ്റി ഓഡിറ്റിങ് തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

## ചരമം



**സുധാകരൻ**

തലക്കുളത്തൂർ: പുറക്കാട്ടിരി പരേതരായ എടച്ചാലിൽ സാമി, കല്ലിടുക്കിൽ സരസ്സു എന്നിവരുടെ മകൻ വാര്യം വള്ളിതാഴത്ത് സുധാകരൻ (എൽ.ഡി.സി, കോഴിക്കോട് കോർപ്പറേഷൻ, 54) നിര്യാതനായി. ഭാര്യ: ബിന്ദു (ജ്യോതിഭവൻ, കൊയിലാണ്ടി). മക്കൾ: അഭിരാം (ഹിറ്റാച്ചി പെയ്മെന്റ്സ്), സരസ്വതി. സഹോദരങ്ങൾ: തങ്കം, സുന്ദരൻ, സുധ, സുനിൽകുമാർ (പ്രിൻസ് കാറ്ററിങ് സർവീസ്), പരേതരായ രാജൻ, സുധീഷൻ. സഞ്ചയനം തിങ്കളാഴ്ച (21.07.2025).

# കാഴ്ച കോഴിക്കോട് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

കോഴിക്കോട്: നഗരത്തിലെ കലാ- സാംസ്കാരിക സംഘടനയായ കാഴ്ച കോഴിക്കോടിന്റെ പതിനേഴാം വാർഷിക ജനറൽ ബോഡി യോഗം ജി. ദേവരാജൻ മ്യൂസിക്ക് അക്കാദമി ഹാളിൽ നടന്നു. നാടകപ്രവർത്തകനും സിനിമാ-സീരിയൽ നടനും തിറയാട്ട കലാകാരനുമായിരുന്ന പത്മൻ പന്തീരാങ്കാവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സംഘടനയുടെ പുതിയ ഭാരവാഹികളായി ശ്രീജ ചേളന്നൂർ പ്രസിഡണ്ട്, ദിനേഷ് കുന്നഞ്ചേരി, സുജിത്ത് എടക്കാട് വൈ: പ്രസിഡണ്ടുമാർ, എം.ടി പ്രദീപ് കുമാർ സെക്രട്ടറി , ഹമീദ് കരിമ്പാല, ബാലചന്ദ്രൻ അത്താണിക്കൽ ജോ:സെക്രട്ടറിമാർ, സന്തോഷ് നടക്കാവ് ട്രഷറർ, ഷിബു വയലക്കര, പരാഗ് പന്തീരാങ്കാവ് , പ്രകാശ് കരിമ്പ , സീമ ഹരിദാസ്, പ്രദീപ് നെസ്റ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, ഷിജു കുന്നമംഗലം, സുകേഷ് മലയിൽ, വിമല ചന്ദ്രൻ, ടി പി രമേഷ്, പ്രേംജിത്ത് മുകവൂർ, മോഹനൻ പന്നിയങ്കര എന്നിവരെ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.യോഗത്തിൽ സന്തോഷ് പാലക്കട അദ്ധ്യക്ഷത വഹിച്ചു എം.ടി പ്രദീപ് കുമാർ സ്വാഗതവും, സന്തോഷ് നടക്കാവ് നന്ദിയും പറഞ്ഞു.

## നഴ്സിങ് അസിസ്റ്റന്റ്, ഡ്രൈവർ നിയമനം

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് ഐസിയുവിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നഴ്സിങ് അസിസ്റ്റന്റിനെയും ആശുപത്രി വികസന സമിതിക്ക് കീഴിലുള്ള ആംബുലൻസിലേക്ക് ദിവസവേതനത്തിൽ ഡ്രൈവറെയും നിയമിക്കും.

നഴ്സിങ് അസിസ്റ്റന്റിന് ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം. ബ്രോങ്കോസ്കോപ്പി തിയേറ്ററിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. നഴ്സിങ് അസിസ്റ്റന്റ് കൂടിക്കാഴ്ച ജൂലൈ 21ന് രാവിലെ 11നും ഡ്രൈവർ കൂടിക്കാഴ്ച 12നും കാര്യാലയത്തിൽ നടക്കും. ഫോൺ: 0495 2359645.

## ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജ് വനിത ഹോസ്റ്റലിന് സമീപത്തെ ഭൂമിയിലെ പനമരങ്ങൾ മുറിച്ചുമാറ്റാൻ ക്വട്ടേഷൻ ക്ഷണിച്ചു.

പ്രിൻസിപ്പൽ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട്, വെസ്റ്റ്ഹിൽ പിഒ, 673005 എന്ന വിലാസത്തിൽ ജൂലൈ 23ന് ഉച്ചക്ക് രണ്ട് മണിക്കകം ലഭിക്കണം. വിവരങ്ങൾക്ക്: www.geckkd.ac.in.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.